പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2098 23.03.2012-ൽ മറുപടിയ്ക്ക്

ആർ. ജി. ജി. വി. വൈ. പ്രവൃത്തികൾ .

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ
(തൃക്കരിപ്പൂർ) :

കാസർഗോഡ് ജില്ലയിൽ ആർ. ജി. ജി. വി. വൈ മുഖേന അനുവദിച്ച വൈദ്യുതീകരണപ്രവൃത്തികൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

കാസർഗോഡ് ജില്ലയിൽ ആർ. ജി. ജി. വി. വൈ മുഖേന അനുവദിച്ച വൈദ്യുതീകരണ പ്രവൃത്തികളുടെ 20% പൂർത്തീകരിച്ചിട്ടുണ്ട്. 98 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതിൽ 32 എണ്ണം സ്ഥാപിച്ചു കഴിഞ്ഞു. 88.4 കി. മീറ്റർ 11 കെ. വി ലൈൻ നിർമ്മിക്കേണ്ടതിൽ 26.3 കി. മീറ്റർ നിർമ്മിച്ചു കഴിഞ്ഞു. 334.5 കി. മീറ്റർ എൽ. റ്റി ലൈൻ നിർമ്മിക്കേണ്ടതിൽ 86.8 കി. മീറ്റർ ലൈൻ പൂർത്തീകരിച്ചു കഴിഞ്ഞു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മൊത്തം 2497 കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിച്ചു.

സെക്ഷൻ ഓഫീസർ.